# AGNI

News Letter

Issue 4 January-March

"A gift is pure when it is given from the heart to the right person at the right time and at the right place, and when we expect nothing in return"

-Bhagavad Gita



## JOURNAL ANALYSIS

Sasikumar [Thottupurath Mana]
Anoop [Koramboor Mana]
Ram Prasad [Thiyyanoor Mana]
Sreekanth [Karikkott Illam]

## FROM EDITOR'S DESK

Dear Agnite,

Once again, welcome to this issue of our news letter, perhaps the first one for the year 2005. Towards the end of last year, we witnessed many changes in the organizational structure of AGNI, the new committee members were elected and they are already in the filed, under the leadership of Sri.Kavil Madhu, our new President. We can undoubtedly look forward to many new exciting programs within our group, in the coming years.

AGNI is celebrating its 4th Anniversary today. This is an opportunity for all our members, especially our little ones, to hone and sharpen their skills. The great Italian Artiste, Leonardo Da Vinchi once said, "every child is an artiste, but he does not know how to remain as an artiste, when he grows up." Really, a thought provoking comment from the genius. We, as a parent, play a significant role in shaping up our child, identifying their hidden talents and potentials and explore the possibilities to develop their same. For that, these kind of cultural events are very important.

AGNI news letter is improving slowly, but steadily. We have improved in the way it looks, the contents, the presentations etc, and these are the results of mere team work and nothing else. We look forward to have your co-operation and support in all our events and projects.

Editorial board.



a scean from DSF 2005 -Dubai

## Contents

| | | |
|---|---|---|
| From Editor's Desk | | Pg. 1 |
| Ayyappan Puli Vaahanan Alla | Sri. Kunnath Bhattathiri | Pg. 2 |
| Singapore Education | Dileep Thenezhi | Pg. 5 |
| Gayathri Mantra | Sreedharan Parayil | Pg. 6 |
| A Small Truth to Make Life 100% | Anoop | Pg. 6 |
| Pada Prashnam | Anoopa Ramesh | Pg. 7 |
| From the Chef | Sreeja Subrahmanian | Pg. 7 |
| Ente Nairobi Yaatra | Sri. Vadakkedam Bhavadasan Nambudiri | Pg. 8 |

Note:
All your write ups those are to be published in our forthcoming issues of newsletter may kindly be forwarded to the below given mail id's – editor@agni.ws
Make sure to mention the name/details of the author.

*Know the self to be sitting in the chariot, the body to be the chariot, the intellect the charioteer, and the mind the reins.*

*-Veda Upanishads*

# അയ്യപ്പൻ പുലിവാഹനനല്ല

മനോഹരമായ കുറുനിരകളോടുകൂടിയ കേശഭാരത്തോടും, സിംഹാസനത്തിന്മേൽ ഇരിക്കുകയും പത്രകുണ്ഡലങ്ങളും കൈകളിൽ വില്ലും, ശരവും ധരിച്ചും, നീലനിറമുള്ള പട്ടുവസ്ത്രം ധരിച്ചും, പുതുമേഘം പോലെ ശ്യാമവർണ്ണവും, പ്രഭ, പുഷ്കല എന്നീ പത്നിമാരോടും സത്യകൻ എന്ന പുത്രനോടും കൂടിയ, ചുവപ്പുനിറമുള്ള അലങ്കാരങ്ങളോടും കൂടിയ ശാസ്താവ് നീലനിറത്തോടുകൂടിയ കുതിരപ്പുറത്താണ് സവാരിചെയ്യാറ്. പുലി അദ്ദേഹത്തിന്റെ വാഹനമല്ല.

ശാസ്താവിന് അനവധി അവതാരങ്ങളുണ്ടായിട്ടുണ്ട്, അതിൽ ഒന്നുമാത്രമാണ് അയ്യപ്പാവതാരം. ഈ അയ്യപ്പാവതാരം ബ്രഹ്മചാരിയായിട്ടാണുതാനും, അതെങ്ങനെയെന്നുവച്ചാൽ ഭൂമിഭാരം തീർക്കാൻ ഭഗവാൻ അവതരിയ്ക്കുന്നു എന്നു പറയുമ്പോലെ തന്നെ ഭക്തജനങ്ങളെ അനുഗ്രഹിയ്ക്കാനായിട്ടാണ് അദ്ദേഹം അയ്യപ്പാവതാരം എടുത്തത്.



അനവധി കാലം മുമ്പ് പാണ്ഡ്യരാജാക്കന്മാർ രണ്ടു താവഴിയായി പിരിഞ്ഞ്, ഒരുക്കഭാഗം മധുരയിൽ താമസമാക്കി, കാലക്രമേണ അവരിൽ ഒരുഭാഗം പശ്ചിമഘട്ടത്തിനോടു ചേർന്ന് തമിഴ്നാട് അതിർത്തിയിൽ പത്മദളം (പന്തളം) എന്ന ഒരിടത്ത് താമസമാക്കി. തലമുറകൾക്കു ശേഷം പുത്രദു:ഖത്താൽ വലയുന്ന രാജശേഖരൻതമ്പി ഒരിയ്ക്കൽ നായാട്ടിനായി കാട്ടിലലയുമ്പോൾ ആരാധനാമൂർത്തിയായ ശ്രീ മഹാദേവൻ കൈലാസത്തിൽ തന്നോടൊന്നിച്ചു സകലശാസ്ത്രങ്ങളും പഠിച്ചു കഴിഞ്ഞിരുന്ന പുത്രനോട് വിയൽഗംഗയ്ക്കു തുല്ല്യമായ പമ്പാതീരത്തുള്ള ഘോരാരണ്യത്തിൽ ചെന്ന് ഒരു ശിശുവായി നിലവിളിച്ചുകൊണ്ട് കിടക്കാൻ നിർദ്ദേശിച്ചു.

നായാട്ടു കഴിഞ്ഞ് വിശ്രമാർത്ഥം പമ്പാതീരത്ത് വന്നുചേർന്ന രാജാവ് വനമദ്ധ്യത്തിൽ നിന്നും ഒരു ശിശുരോദനം കേൾക്കുകയും വിസ്മയ സംഭ്രമങ്ങളോടുകൂടി അതിന്റെ കാരണം അന്വേഷിക്കുകയും ഒടുവിൽ അദ്ദേഹം ഒരു ശിശു അശരണനായി കൈകാൽ കുടഞ്ഞു കരയുന്നതു കാണുകയും ചെയ്തു. ചേതോഹരകളേബരനായ ആ ശിശുവിൽ അദ്ദേഹത്തിനു അതിയായ അനുകമ്പ ജനിച്ചു. എന്നാൽ ഭയങ്കരമായ ആ ഘോരവനത്തിൽ അശരണനായ ഒരു ശിശുവിനെ കണ്ടതിന്റെ അസംഭവ്യതയെപ്പറ്റി അദ്ദേഹം ബലമായി സംശയിച്ച് അനന്തരകാരണീയം അറിയാതെ വിഷമിച്ചു. ഈ അവസരത്തിൽ പരമശിവൻ ഒരു വിപ്രവേഷത്തിൽ അവിടെ വരികയും ശിശുവിനെ സ്വന്തം പുത്രനെപ്പോലെ വളർത്തിക്കൊള്ളണമെന്നും പല നന്മകളും അതുകൊണ്ടുണ്ടാവുമെന്നും രാജാവിനോടരുളിച്ചെയ്തു. അതിനുശേഷം അന്തർധാനം ചെയ്യുകയും, സാക്ഷാൽ പരമശിവൻ സ്വന്തം വാഹനമായ കാളയെ ഒരു മരക്കുറ്റിയിൽ കെട്ടിയിട്ടാണ് രാജാവിനു പ്രത്യക്ഷപ്പെട്ടത്. ആ സ്ഥലമത്രെ ഇപ്പോൾ 'കാളകെട്ടി' എന്നു പറയപ്പെടുന്നത്.

ഭക്തനും കാരുണ്യവാനുമായ രാജാവ് ശിശുവിനെ മണികണ്ഠനെന്ന് നാമകരണം ചെയ്തു, സ്വപുത്രനെപ്പോലെ വളർത്തി. ബാല്യസംസ്കാരാദി കർമ്മങ്ങളെല്ലാം നടത്തിയിട്ട് യഥാകാലം വിദ്യഭ്യാസാർത്ഥം അതിസമർത്ഥനും വിദ്വാനുമായ ഒരു ഗുരുവിനെ ഏൽപ്പിച്ചു. അൽപകാലം കൊണ്ട് അദ്ദേഹം ഗുരുമുഖത്തുനിന്നും സകല വിദ്യകളും അഭ്യസിച്ചു. ചുരികാ പ്രയോഗത്തിൽ അനിതരസാധാരണമായ പാടവം നേടി. ശിഷ്യന്റെ ബുദ്ധിസാമർത്ഥ്യവും സ്വഭാവവിശേഷങ്ങളും കണ്ട് ഗുരു വിസ്മയിക്കുകയും തന്റെ ശിഷ്യൻ ഒരു ദിവ്യൻ തന്നെ എന്നു വിശ്വസിക്കുകയും ചെയ്തു. ഗുരുപുത്രൻ ബധിരനും മൂകനും ആയിരുന്നതുകൊണ്ട് ഗുരുവിന് ക്രമാതീതമായ സങ്കടമുണ്ടെന്ന് മണികണ്ഠനറിയാമായിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞ് ഗുരുദക്ഷിണ കൊടുത്ത് തിരികെ പോരേണ്ടകാലമായപ്പോൾ കരുണാനിധിയായ മണികണ്ഠൻ ഗുരുപുത്രനെ സകരുണം തലോടുകയും അടുത്ത നിമിഷത്തിൽ അയാൾ മൂകബധിരത്വങ്ങൾ നീങ്ങി വിദ്വാനായിത്തീരുകയും ചെയ്തു. സന്തുഷ്ടചിത്തനായിത്തീർന്ന ഗുരുവിന്റെ അനുഗ്രഹങ്ങളും വാങ്ങി സ്വാമി രാജസന്നിധിയിലേക്ക് പോയി രാജസേവകനായി വാസവും തുടങ്ങി.

സ്വാമി അതിബുദ്ധിമാനും പരമദയാലുവും ഭരണതന്ത്രകുശലനും ദീർഘദർശിയുമായിരുന്നതുകൊണ്ട് രാജാവിന് സ്വാമിയോട് അതിയായ വാത്സല്യവും അസാധാരണമായ ബഹുമാനവും ഉണ്ടായിരുന്നു. സകല കാര്യങ്ങളും സ്വാമിയോടാലോചിക്കാതെ ചെയ്യുകയില്ലെന്നായി. രാജ്യവാസികൾക്കും സ്വാമിയോടു സ്നേഹവും ഭക്തിയും വളർന്നുവന്നു. രാജ്യത്ത് പൂർവ്വാധികമായ ഐശ്വര്യവും സന്തുഷ്ടിയും കണ്ടുതുടങ്ങി. ഇതിനിടയിൽ രാജാവിന് ഒരു പുത്രൻ ജനിച്ചു. എന്നിട്ടും അദ്ദേഹത്തിനു സ്വാമിയോടുള്ള വികാരവിശേഷങ്ങൾക്ക് യാതൊരു കുറവും വന്നില്ലെന്നു മാത്രമല്ല, രാജ്യഭാരം അദ്ദേഹത്തിനെ ഏല്പിച്ചിട്ട് വിശ്രമസുഖം അനുഭവിക്കാൻ തീർച്ചയാക്കുക കൂടെ ചെയ്തു. ഈ വിവരം മന്ത്രിയെ അറിയിച്ചപ്പോൾ രാജഹിതത്തിന് എതിരു പറയുവാൻ അശക്തനാകയാൽ അയാൾ അനുകൂലിച്ചെങ്കിലും വലിയ ഇച്ഛാഭംഗമാണ് ഉണ്ടായത്. രാജപുത്രന് പ്രായമാകാത്തതുകൊണ്ട് മഹാരാജാവ് വാനപ്രസ്ഥം സ്വീകരിക്കുമ്പോൾ തനിക്കു പ്രതിപുരുഷനായി നാടുവാഴാം എന്നത്രെ ക്ഷുദ്രബുദ്ധിയായ മന്ത്രി വിചാരിച്ചിരുന്നത്.

വളർത്തുപുത്രനായ മണികണ്ഠസ്വാമിയെ ഏതു പ്രകാരത്തിലെങ്കിലും നിഗ്രഹിക്കാത്ത പക്ഷം തന്റെ വ്യാമോഹങ്ങൾ ഫലിക്കയില്ലെന്ന് ഭയന്ന് മന്ത്രി അതിനു ബദ്ധകങ്കണനായി ചമഞ്ഞു. പല മാന്ത്രികന്മാരെക്കൊണ്ടും സ്വാമിയുടെ ജീവഹാനിക്കുവേണ്ടി നീചനീചങ്ങളായ പല ക്ഷുദ്രപ്രവൃത്തികളും ചെയ്യിച്ചു. ആഭിചാരഫലമായി സ്വാമിയുടെ ദേഹം അഴുകിത്തുടങ്ങി. പരമശിവൻ ഈ വിവരം അറിഞ്ഞ് ഒരു സന്യാസിവേഷത്തിൽ ചികിത്സിക്കാനായി അവിടെ വന്നുചേർന്നു. ആഭിചാരത്തിനു പരിഹാരമായി ശത്രുസംഹാരഹോമവും ജിഹ്വാദോഷത്തിന് സാമഗാനവും ചെയ്തപ്പോൾ മണികണ്ഠസ്വാമി അരോഗ്യവാനായി. മാന്ത്രികന്മാർ കാലപുരിപൂകുകയും ചെയ്തു. എല്ലാ ശ്രമങ്ങളും നിഷ്ഫലമായതുകൊണ്ട് മന്ത്രി ഒരു ദിവസം നിർമ്മല ഹൃദയനായ സ്വാമിയെ ഉപചാരഭാവത്തിൽ ഒരു വിരുന്നിന് സ്വന്തം ഭവനത്തിലേക്ക് ക്ഷണിക്കുകയും, സ്വമിയ്ക്കു ഭക്ഷണത്തിൽ വിഷം കലർത്തി കൊടുക്കുകയും, എന്നാൽ അതുകൊണ്ടും മന്ത്രിയുടെ ഉദ്ദേശം സാധിച്ചില്ല. ഗരുഡൻ ഭക്ഷണത്തിൽ അമൃത് വീഴ്ത്തി ചതിയിൽ നിന്നും സ്വാമിയെ രക്ഷിച്ചു. ഇങ്ങനെ പരിശ്രമങ്ങൾ നിഷ്ഫലങ്ങളാവുന്നതു കണ്ട് മന്ത്രി രാജപത്നിയുടെ സഹായം സമ്പാദിക്കാൻ തീർച്ചയാക്കി. ശുദ്ധഹൃദയയും സുശീലയുമായ രാജപത്നിയെ ദുഷ്പ്രേരണകൾ കൊണ്ട് ഒരുതരത്തിൽ സ്വവശഗതയാക്കാൻ ആ ദുഷ്ടാത്മാവിന് സാധിച്ചു. മന്ത്രിയുടെ ഉപദേശം അനുസരിച്ച് രാജ്ഞി അസഹ്യമായ വയറുവേദന ഭാവിക്കുകയും വൈദ്യന്മാരെക്കൊണ്ട് പുലിപ്പാൽ ഔഷധമായി വിധിപ്പിക്കയും ചെയ്തു. പുലിപ്പാൽ കിട്ടുന്ന കാര്യം അസാദ്ധ്യമെന്ന് വിചാരിച്ച് രാജാവ് അത്യന്തം വിഷാദിച്ചു.

തന്റെ യജമാനന്റെ സന്താപം തീർക്കേണ്ടത് സ്വന്തം കർത്തവ്യം എന്നു കരുതി, സ്വാമി രാജാവിനെ കണ്ട് ഇങ്ങനെ അറിയിച്ചു. ഞാൻ അങ്ങയുടെ സേവകനായി ഉള്ളേടത്തോളം കാലം അങ്ങ് പുലിപ്പാലിനു വിഷമിക്കേണ്ട. ഞാൻ നിഷ്പ്രയാസം സാധിപ്പിക്കാം. അത്ര അസാദ്ധ്യവും ആപൽക്കരവുമായ ഒരു കാര്യത്തിന് മണികണ്ഠസ്വാമിയെ നിയോഗിക്കാൻ സ്നേഹം അനുവദിച്ചില്ലെങ്കിലും മറ്റു മാർഗ്ഗം ഒന്നും ഇല്ലാത്തതുകെണ്ടും, സ്വാമിയുടെ നിർബ്ബന്ധാധിക്യത്താലും രാജാവ് ഒടുവിൽ സമ്മതിക്കുകയും



ചെയ്തു.

അങ്ങനെ ഒടുവിൽ യാത്രക്കും ശിവസ്മരണയ്ക്കും പൂജയ്ക്കുമായി നാളികേരവും, ഭക്ഷണത്തിനുവേണ്ട സാമാനങ്ങളും ചാപസായകാദി ആയുധങ്ങളും കൊടുത്ത് പുലിപ്പാലിനായി വനത്തിലേക്ക് യാത്ര അയക്കുകയും ചെയ്തു. പൂജാസാധനങ്ങൾ മുൻമുടിയിലും ഭക്ഷണസാധനങ്ങൾ പിൻമുടിയിലും വെച്ച് ഇരുമുടികെട്ടുണ്ടാക്കി ശിരസ്സിൽ വഹിച്ച് ഉറക്കെ ശരണം വിളിച്ച് അദ്ദേഹം സസന്തോഷം യാത്ര തുടങ്ങി. ഈ യാത്രയെ അനുസ്മരിച്ചത്രേ അയ്യപ്പന്മാർ ഇരുമുടികെട്ടും, നെയ്ത്തേങ്ങയും, ശരക്കോലും മറ്റുമായി ശരണം വിളിച്ച് വനങ്ങളിൽ കൂടി തീർത്ഥയാത്ര ചെയ്യുന്നത്.

പോകും വഴി അദ്ദേഹം ആ പ്രദേശം ഒരു ഭയങ്കര മഹിഷിയുടെ അല്ലെങ്കിൽ അതുപോലുള്ള ഒരു ഭീകര സത്വത്തിന്റെ അധിവാസ സ്ഥലമാണെന്ന് മനസ്സിലാക്കുകയും, ശത്രുസംഹാരമൂർത്തിയായ ഭഗവാൻ അതിനെ നിഗ്രഹിക്കുകയും ചെയ്തു. പ്രഭാതത്തിൽ അതിന്റെ മൃതശരീരം ഒരു ദണ്ഡിൽ കെട്ടി താൻ തന്നെ രണ്ടായി ചമഞ്ഞ് അതും വഹിച്ചുകൊണ്ട് ആർത്തു നടന്നു. ഇതു കണ്ട് സന്തുഷ്ടരായ സ്ഥലവാസികൾ സ്വാമി തങ്ങളെ വിട്ടു പോകരുതെന്ന് അഭ്യർത്ഥിച്ചു, അതിനാൽ തന്റെ അംശജനായ ശാസ്താവിനെ എരുമയെ കൊന്ന സ്ഥലത്ത് പ്രതിഷ്ഠിക്കയും അനുഗ്രഹിക്കയും ചെയ്തിട്ട് യാത്രയായി. ഈ സ്ഥലപ്പേര് പിന്നീട് കാലപ്പഴക്കത്താൽ (എരുമകൊല്ലി) എരുമേലിയായി. എരുമേലിയിൽ പേട്ടയുടെ ആഗമം ഇങ്ങനെയാണെന്ന് ഒരു ഐതിഹ്യവും ഉണ്ട്. ദേവകൾ മംഗളവാദ്യങ്ങൾ ഘോഷിച്ചു, പുഷ്പവൃഷ്ടിചെയ്തു. പക്ഷികൾ സ്വാമികീർത്തനങ്ങൾ പാടി ആഹ്ലാദിച്ചു. ഭൂതഗണങ്ങൾ ആർത്തു വിളിച്ചു. മൂന്നുലോകത്തിലും സമാധാനം തിരിച്ചെത്തി. എല്ലാവരും സന്തോഷവാന്മാരായി. ഭഗവാൻ നർത്തനം നിർത്തിയപ്പോൾ "ദത്താത്രേയന്റെ ശാപം ലഭിച്ച മഹിഷി സ്വവാസ്തവം സ്മരിക്കയാൽ പഴയ ലീലാരൂപം എടുത്ത് സ്വാമിയെ ശരണം പ്രാപിച്ചു. സ്വാമി നൽകിയ 'മഞ്ചാംബിക' എന്ന നാമധേയത്തോടുകൂടി അന്തർധാനം ചെയ്യുകയും ചെയ്തു." മഹിഷിയുടെ മൃതശരീരം അലസ (അഴുത) തീരത്തുള്ള കല്ലിടുംകുന്നിൽ കുഴിച്ചിട്ട് വാപുരഗോഷ്ഠം ചമച്ച് (ശേഷസേവനപ്രവർത്തകവൃന്ദം) വാപരനെ (സേവകരെ) ഏല്പിച്ച് ഭഗവാൻ രാജ്യകാര്യം നിറവേറ്റുന്നതിന്നായി വീണ്ടും കാട്ടിലേയ്ക്കു യാത്രയായി. അനന്തരം ഭഗവാൻ ഭക്തോത്തമന്മാരായ യോഗീശ്വരന്മാരുടെ അകമ്പടിയോടെ പമ്പാതീരത്തേക്ക് പോയി. പോകുംവഴി വിശ്രമിച്ച സ്ഥലങ്ങളത്രെ താവളങ്ങളായി അയ്യപ്പന്മാർ ഇന്നും കരുതിപ്പോരുന്നത്. സ്വാമിദർശനം കൊണ്ട് സന്തുഷ്ടചിത്തരായ യോഗീശ്വരന്മാരും മനോഹരമായ പമ്പാതീരത്തിൽ ചെന്ന് ഫലമൂലങ്ങളും ഭക്ഷിച്ച് വിശ്രമിച്ചു. പമ്പയിലെ സദ്യയ്ക്ക് യോഗീശ്വരന്മാരോടുകൂടി ഭഗവാൻ ആഗതനാകുമെന്നും അതിൽ പങ്കുകൊള്ളുമെന്നുമുള്ള വിശ്വാസത്തിനു കാരണം ഈ സംഭവമത്രെ.

മണികണ്ഠൻ പുലിക്കൂട്ടവും തേടി വീണ്ടും യാത്രയായി. രാജ്യത്തിനു വേണ്ടി സേവനം ചെയ്യാൻ എന്തുത്യാഗവും സഹിയ്ക്കാൻ നമ്മളെയും പ്രേരിപ്പിയ്ക്കുന്നതാണ് ഈ യാത്രാനുഭവങ്ങൾ നമ്മളെ ബോധവാനാക്കുന്നത്. ദേവന്മാരാലും ദിവ്യന്മാരാലും പുലിക്കൂട്ടങ്ങളെ വേഷം കെട്ടിച്ച് പുലിക്കൂട്ടത്തോടുകൂടി പന്തളപുരത്തേക്ക് പോയി.

പുലിവൃന്ദത്തോടുകൂടിയുള്ള ഭഗവാന്റെ വരവുകണ്ട് പന്തളപുരവാസികൾ ഭയാകുലരായി. മഹാരാജാവ് സംഭ്രമത്തോടുകൂടി സ്വാമിയെ ശരണം പ്രാപിക്കുകയും, അജ്ഞതകൊണ്ട് ചെയ്തുപോയ അപരാധങ്ങൾ ക്ഷമിക്കണമെന്ന് പ്രാർത്ഥിക്കയും ചെയ്തു. നീചനീചരായ മന്ത്രിയും ദുഷ്ടയായ രാജപത്നിയും കൂട്ടരും ഭയംകൊണ്ട് അന്ധരായി. കരുണാനിധിയായ സ്വാമി എല്ലാവരേയും യഥായോഗ്യം അനുഗ്രഹിച്ചു. ശേഷം രാജാവിനു ശ്രീഭൂതനാഥഗീതയും സ്വാമിയുടെ പൂജാവിധികളും ഉപദേശിച്ചു.

മഹാഭാഗ്യവാനായിത്തീർന്ന രാജാവ് ഭഗവാൻ അദ്ദേഹത്തിന്റെ രാജ്യത്ത് അധിവസിക്കണമെന്ന് പ്രാർത്ഥിക്കയാൽ, ഭക്തദാസനായ ഭഗവാൻ ഭക്തകല്ല്യാണാർത്ഥം ഇങ്ങനെ അരുളിച്ചെയ്തു 'ഞാൻ ഹരിഹരാത്മജനായ ശ്രീഭൂതനാഥനാണ്, കൈലാസതുല്ല്യമായ ശബരിമലയിൽ പതിട്ടെു പടികളോടുകൂടിയ ഒരു ക്ഷേത്രം പണിയിച്ച്, അവിടെ എന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് യഥാവിധി പൂജ ചെയ്തു കൊള്ളുക പുരുഷാർത്ഥസിദ്ധികൾ ഉണ്ടാവും. ക്ഷേത്രത്തിന്റെ ഇടതുവശത്ത് മഞ്ചാംബികയ്ക്ക് ഒരു മാളികയും, കടത്തയ്ക്ക് ഒരാസ്ഥാനവും വേണം. ഭക്തിപൂർവ്വം എന്നെ ഭജിച്ചു ചിത്തശുദ്ധി സമ്പാദിച്ച് അവിടെ വന്ന് എന്നെ കാണുന്നവർക്ക് സകല പുരുഷാത്ഥസിദ്ധിയും ഉണ്ടാവും എന്നു പറഞ്ഞ് കയ്യിലിരുന്ന ശരം വനാന്തരത്തിലേക്ക് എറിഞ്ഞു. പുലിക്കൂട്ടങ്ങളേയും കൊണ്ട് അന്തർധാനം ചെയ്തു.

ആ ശരം ചെന്നുപതിച്ച സ്ഥലത്താണ് ക്ഷേത്രസ്ഥാനമെന്ന് ഭാഗ്യവാനായ രാജാവ് മനസ്സിലാക്കി ശരംകുത്തി ആൽത്തറ എന്ന് അറിയപ്പെടുന്ന ആ പുണ്യഭൂമിയിൽ യഥാവിധി ക്ഷേത്രം പണികഴിപ്പിച്ചു. അയ്യപ്പഭക്തന്മാർക്ക് പമ്പാനദി വിയൽഗംഗയും ശബരിഗിരി ശ്രീകൈലാസവും ആണ്. അവർ ഭഗവത്‌വിഗ്രഹത്തെ ശിവലിംഗം പോലെയും ഭഗവത്നാമത്തെ ശ്രീരാമനാമം പോലേയും കരുതുന്നു. മഞ്ചാംബികയെ അന്നപൂർണ്ണേശ്വരിയായും കടത്തസ്വാമിയെ ഭൈരവനായീട്ടുമത്രെ ഭക്തന്മാർ ഭജിക്കുന്നത്.

ശ്രീഅയ്യപ്പസ്വാമിയുടെ തിരുഅവതാരകഥയിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞത്, നമ്മളും അദ്ദേഹത്തെപ്പോലെ അച്ഛനമ്മമാരെ സ്നേഹിച്ചും, ആവശ്യാനുസരണം അവരെ ശുശ്രൂഷിച്ചും, കുടുംബാഗങ്ങളുടേയും രാജ്യത്തിന്റേയും താല്പര്യങ്ങളെ തന്റേതിനേക്കാൾ ഉപരി പ്രാധാന്യം കൊടുത്തും, രാജ്യത്തിന്റെ സുരക്ഷാകാര്യത്തിൽ മറ്റു എല്ലാറ്റിനേക്കാളും ഉപരി പ്രാധാന്യത്തോടേയും പ്രവർത്തിച്ച് നമുക്കു കാട്ടിത്തന്നു. ഇങ്ങനെയായിരിക്കണം ഒരു ഉത്തമ ദേശസ്നേഹിയെന്നും നമ്മളെ മനസ്സിലാക്കിപ്പിച്ച് കാട്ടിത്തരുന്നു. കഴിവിന്റെ പരിധിയിൽ നിന്നുകൊണ്ട്, എല്ലാ ഭക്തജനങ്ങളും ഇന്നല്ലെങ്കിൽ നാളെ ഭഗവാന്റെ സന്നിധിയിൽ ചെന്ന് ഈ തിരുഅവതാര ഉദ്ദേശങ്ങളെ അറിഞ്ഞുകൊണ്ട്, ഭക്തിപുരസരം പ്രാർത്ഥിച്ചാൽ, ശ്രീഅയ്യപ്പസ്വാമി, നമ്മുടെ എല്ലാമായ ശ്രീധർമ്മശാസ്താവ് നമ്മളെ കൈവിടില്ലാ എന്ന് ഉറപ്പുണ്ട്.

എല്ലാവർക്കും നന്മ വരട്ടെ, സ്വാമിയേ ശരണമയ്യപ്പോ.




*There are some financial assistance schemes for Junior College students from overseas. For diploma studies at a Singapore polytechnic or undergraduate studies at a Singapore University, the Ministry of Education (MOE) loans up to 80% of tuition fees*

# Singapore Education-Springboard to a brighter future

By: Dileep Thenezhi (vasudevandileep@yahoo.com)

Though the degrees from Universities in Singapore are internationally recognized, little is known about Singapore as a country for higher education. The country invests generously in education and a variety of financial assistance schemes are available for international students to fund their education. The recent Times of London Ranking of World's Top 200 Universities has given real boost to Singapore; proving Singapore's educational and research quality. National University of Singapore (NUS) stood 18th and Nanyang Technological University (NTU), Singapore stood 50th in their ranking.

Foreign students can apply for admission to Junior Colleges and Pre-Universities in Singapore. Polytechnics offer a variety of diploma courses such as Engineering, Business Studies, Mass Communication, Design and Info-Communications. Several specialized courses are also available at polytechnics. Universities in Singapore offer undergraduate and post graduate programs in several areas such as Engineering, Science, Law, Business, Arts, Social Sciences, etc. Overseas students are more than welcome to the Polytechnics and Universities of Singapore.

There are some financial assistance schemes for Junior College students from overseas. For diploma studies at a Singapore polytechnic or undergraduate studies at a Singapore University, the Ministry of Education (MOE) loans up to 80% of tuition fees through its the Tuition Fee Loan Scheme. As an international student, one can avail the same grant subject to the signing of a deed with the Singapore government undertaking to work in Singapore for three years, upon completion of your program. There is also an option wherein students can apply for a study loan which is payable upon course completion. Some educational institutions offer additional loans for miscellaneous expenses, such as computer loans. At the tertiary level, some educational institutions offer scholarships that are exclusive to the institution/university and again the student will have a bond to work in Singapore after his/her course completion.

Research and scholarship opportunities are available for post-graduate students as well. Most of the students doing Masters by research / PhD programs secure research scholarship from their respective University. As these students are major contributors to the research output of the country, there is no bond to work for Singapore after the course completion. At the same time, the Singapore Government would more than happy to invite a graduating student to take up a job/permanent residentship in Singapore.

You can get details about educational opportunities and the financial assistance schemes for studies in Singapore from the website: http://www.singaporeedu.gov.sg



# GAYATHRI MANTRA

OOM I BHUR BHUVAS SUVAHA : I

TATH SAVITHUR VARENIYAM I

BHARGO DEVASYA DHEEMAHI I

DHIYO YO NA: PRACHODAYATH II

This prayer, Echoes from Eternity - Gaayatri, is addressed to the Sun in order that he may awaken our intellect(s), to attain spiritual perfection.

'OM' is symbolic of the whole of existence, phenomenal as well as noumenal. 'BHUH', 'BHUVAH' and 'SUVAH' are known as 'Vyahritis' said to have been 'uttered' (Vyahriti means uttering) by the creator at the beginning of creation. They symbolise the three worlds of matter and space, world of mind and time and the heaven that covers the other two worlds. There are interpretations suggesting the symbolism of triple phenomena, e.g. Fire, Wind, Sun.

The second part is an invocation to the Sun to awaken our intellects - "This four dimensional world is kept integrated by the entity, Spirit. In the Gaayatri hymn Spirit is described as 'That which is the supreme Sun, the light of the Gods, that which energises the intelligence of man'.

The BHAGAVAD GEETA refers to the spirit as refulgent like the Sun and far beyond the darkness of ignorance. (Aaditya varnam tamasah parastaat).

The SVETAASVATARA UPANISHAD talks of the great being who is refulgent like the Sun. (Vedaahametam purusham mahaantam ..... Aadityavarnam tamasah parastaat.)

The 'Gaayatri' hymn (Also in Gayatri metre of three feet with 24 syllables or letters) refers to the Sun - that adorable radiant (divine) effulgence that is the Sun (Tat Savitur Varenyam bhargo devasya). We meditate on Him - Dheemahi. Then the prayer ........... May He awaken (stimulate, illumine)our intellects. (Dhiyo yo nah prachodayaat.)

The Gayatri occurs in Yajur Veda and the Rig Veda. It is the hymn that 'Protects the one who chants it' -

Gaayantam traayate iti Gaayatri.

keep smiling always,

Sreedharan Parayil

Kairali TV

## A SMALL TRUTH TO MAKE LIFE 100%

IF ABCDEFGHIJKLMNOPQRSTUVWXYZ IS EQUAL TO 1 2 3 4 5 6 7 8 9 10 11 12 13 14 15 16 17 18 19 20 21 22 23 24 25 26

**Hardwork:** H + a + r + d + w + o + r + k = 8+1+18+4+23+15+18+11 = 98%

**Knowledge:** K + n + o + w + l + e + d + g + e = 11+14+15+23+12+5+4+7+5 = 96%

**Love:** L + o + v + e = 12+15+22+5 = 54%

**Luck:** L + u + c + k = 12+21+3+11 = 47%

(Don't most of us think this is important ????)

THEN WHAT MAKES 100%

IS IT MONEY ?? NO !!!!

**Money:** M + o + n + e + y = 13+15+14+5+25 = 72%

LEADERSHIP?? NO !!!!

**Leadership:** L + e + a + d + e + r + s + h + i + p = 12+5+1+4+5+18+19+9+16 = 89%

EVERY PROBLEM HAS A SOLUTION, ONLY IF WE PERHAPS CHANGE OUR ATTITUDE..

TO GOTO TOP, TO THAT 100%, WHAT WE NEED IS "POSITIVE ATTITUDE..!!"

SEE..

**ATTITUDE:** A + T + T + I + T + U + D + E = 1+20+20+9+20+21+4+5 = 100%

IT IS OUR POSITIVE ATTITUDE TOWARDS LIFE AND WORK THAT MAKES OUR LIFE 100%..!!!!

- ANOOP



# പ്രദപ്രശ്നം

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 4 | | | | | 2 | ■ |
| | | 12 | | 13 | | 7 | |
| 3 | | | | | | | ■ |
| | | 15 | | | | 5 | |
| 6 | | | | | | | 16 |
| 8 | | | 10 | | | | |
| | 9 | | | ■ | 14 | 17 | |
| | 11 | | | | | | ■ |

വലത്തോട്ട്

1. ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ തുടങ്ങിവച്ച പ്രധാന മന്ത്രി.
3. പഞ്ച പാണ്ടവരിൽ ഒന്നാമൻ.
5. 'വള്ളി' എന്നർഥം വരുന്ന പദം (രണ്ടക്ഷരം)
6. ചരിത്ര പ്രസിദ്ധമായ 'ക്ഷേത്ര പ്രവേശന വിളംബരം" പുറപ്പെടുവിച്ച തിരുവിതാംകൂർ മഹാരാജാവ് (6 അക്ഷരം)
7. കിടക്കാനും ഇരിയ്ക്കാനും മറ്റും ഉപയോഗിക്കുന്ന ഒരു സാധനം (2)
8. ഇന്ത്യയിൽ അധികാരത്തിലിരുന്ന ഒരേ ഒരു വനിതാ പ്രധാന മന്ത്രി.
9. ------- ൻെറ കണ്ടുപിടുത്തം യാത്രകൾ എളുപ്പമാക്കി (3)
11. ശാകുന്തളം രച്ചിച്ച, വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിലൊരാൾ (4)
12. 'ഭാരത രത്നം' ആദ്യം ലഭിച്ച പ്രശസ്ത സംഗീതജ്ഞ. (4)
14. തിരുന്നാവായ മണൽപ്പുറത്ത് നടന്നു വന്നിരുന്ന ചരിത്ര പ്രസിദ്ധമായ മഹോത്സവം (3)
15. കേരളത്തിൽ മലബാർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഒരു ക്ഷേത്രം. (4)

താഴോട്ട്

1. ശ്രീരാമൻ ലങ്കയിലേയ്ക്ക് പോകുന്നവഴി സമുദ്രതീരത്ത് കണ്ടുമുട്ടിയ പക്ഷിശ്രേഷ്ഠൻ (3)
2. ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ബ്രിട്ടിഷുകാർ നൽകിയ പേർ. (6)
4. 'വൃദ്ധൻ' എന്നർത്ഥം വരുന്ന പദം (4)
8. 'തലേ ദിവസം' ---
10. 'പാട്ട്' ----
13. ശ്രീരാമൻെറ കുട്ടികളിൽ ഒരാൾ (2)
14. ഒരു ആഭരണം (2)
16. കേരളീയരുടെ ദേശീയാഘോഷം (2)
17. 'നിമിഷം' -- വേറൊരു വാക്ക് (2)

By **Anoopa Ramesh**

# Rava Idli

(Portion 20 Nos)
By Sreeja Subrahmanian
Maruthoorkara




Ingradiants:

Roasted Rava - 2 cups

Sour Laban - 2 cups

Oil/Ghee - 5 tbl spoon

Onion - 1 Nos

Chopped Green Chilli - 3-4 Nos

Chopped Ginger - 1 tbl spoon

Chopped Curry Leaves - 1 tbl spoon

Chopped Coriander Leaves - 1 tbl spoon

Cashewnut - 5-6 Nos

Chana Dal - 2 tbl spoon

Urud Dal - 2 tbl spoon

Salt - 1 1/2 tea spoon

cooking soda - 1/2 tea spoon

Method :

1. Mix roasted rava and laban without forming lumps.

2. Heat oil/ghee, add broken cashew nut,chana dal,urud dal and fry will golden brown and keep aside.

3. Fry Green chilli ,Ginger and onion for 2 to 3 mts in medium flame

4. Pour the above over curd-rava mixture with salt.

5. Mix well and immedietly pour in greesed idli plate and steam for 7 minutes (or till cooked ) . To add carrots/coconut,sprinkle it on greesed idli plate and thne pour rava mixtue on top

For BEST RESULT preheat the presure cooker with water first, and then keep idli plate inside.

# എൻെറ നയ്റോബി യാത്ര




നയ്റോബിയിലെ ക്ഷേത്രങ്ങളിലൂടെ....

ശ്രീ സനാതൻ ധർമ്മ മണ്ഡൽ വകയായി ബാലാജി മന്ദിരത്തിനു് സമീപം ഒരു വലിയ ക്ഷേത്രമുണ്ട്. വളരെ കാലപ്പഴക്കമുള്ള ഒരു ക്ഷേത്രമാണിത്. ഇവിടെയും ശ്രീരാമൻ, സരസ്വതി, ദുർഗ്ഗ, ഹനുമാൻ, രാധാകൃഷ്ണൻ, ലക്ഷ്മീനാരായണൻ, അനന്ത ശയനം, ശിവൻ തുടങ്ങി പല പ്രതിഷ്ഠകളുമുണ്ട്. ഈ വിഗ്രഹങ്ങളെല്ലാം തന്നെ വളരെ ഭക്തി പുരസ്സരം ആടയാഭരണങ്ങളെല്ലാം ചെയ്ത് അലങ്കരിച്ച് ശുദ്ധിയോടെ ആരാധിച്ചു വരുന്നു. ശിവ ലിംഗത്തിൽ തുടർച്ചയായി ധാര പതിവാണ്. തിങ്കളാഴ്ച്ച ദിവസങ്ങളിൽ ധാരാളം ഭക്ത ജനങ്ങൾ ശിവനു അഭിഷേകത്തിനായി പാൽ കൊണ്ടുവരുന്നു. രണ്ട് ക്ഷേത്രങ്ങളിലും (ഇവിടെയും രാമ മന്ദിരത്തിലും) ഭക്ത ജനങ്ങൾ കൊണ്ടുവരുന്ന പാലിൽ പകുതി അഭിഷേകം ചെയ്തതിൽ ബാക്കി ഒരു വലിയ പാത്രത്തിൽ ശേഖരിച്ച് വൈകുന്നേരം അടുത്തുള്ള മദർ തെരേസ സ്മാരകമായിട്ടുള്ള ഒരു അനാഥാലയത്തിലേയ്ക്ക് നൽകും.

ഈ ക്ഷേത്രത്തിൻെറ മേൽപുര നിർമ്മിച്ചിരിയ്ക്കുന്നത് അഷ്ട കോണ കുമ്പാരമായിട്ടാണ്. ഇതിൻെറ എട്ടു കള്ളികളിലും ഭാഗവതത്തിൽ നിന്നെടുത്ത കഥകളെ വളരെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. അവ നോക്കിക്കണ്ട് ആനന്ദിയ്ക്കുവാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

ഉള്ളിലേയ്ക്കു കടന്നു ചെന്നു ഉടനെയുള്ള ചുമരുകളിൽ ഒരു പതിനെട്ട് ഇഞ്ചോളം വലുപ്പമുള്ള നാൽപ്പതോളം പ്രതിമകളെ ഭംഗിയായി വസ്ത്രം ചാർത്തി വച്ചിട്ടുണ്ട്. അവയെല്ലാം പുരാണങ്ങളിലെ മഹർഷിവര്യരുടേയും, ബുദ്ധൻ, വിവേകാനന്ദൻ, സായി ബാബ തുടങ്ങിയവരുടെയെല്ലം പ്രതിരൂപങ്ങളാണ്. ഞങ്ങൾ ഈ ക്ഷേത്രത്തിലും ആഴ്ച്ചയിൽ പതിവായി രണ്ടോ മൂന്നോ ദിവസങ്ങളിലെങ്കിലും ദർശനം നടത്താറുണ്ടായിരുന്നു.

ഈ ക്ഷേത്രത്തിനു ചുറ്റും ടാർ ചെയ്ത വളരെ വൃത്തിയായ ഒരു റോഡും ഏകദേശം അൻപതോളം കാറുകൾ നിർത്താനുള്ള ഒർ പാർക്കിംഗ് സൗകര്യവും ഉണ്ട്. പലരും കാലത്തും വൈകുന്നേരങ്ങളിലും നടന്നോ കാറിലോ വന്ന് സായാ സവാരിയ്ക്കായി തൊട്ടടുത്ത മൈതാനത്തിലേയ്ക്കു പോകുന്നതും മറ്റും കാണാറുണ്ട്. ക്ഷേത്രത്തിനടുത്ത് രണ്ടുമൂന്ന് വലിയ ഹാളുകളുണ്ട്. ഇതിലൊന്നിലാണ് "അമ്മ" (മാതാ അമൃതാനന്ദമയീ ദേവി) വന്ന് പൊതു ദർശനം നൽകിയത്.

ഡിസംബർ 31 രാത്രി ഞങ്ങൾ കുറച്ചു കമ്പിത്തിരിയും മത്താപ്പും മറ്റും കത്തിച്ച് പുതുവത്സരത്തെ സ്വീകരിച്ചു. പല സുഹൃത്തുക്കളും ഞങ്ങളെ വിളിച്ചും ഞങ്ങൾ പല സുഹൃത്തുക്കളെ വിളിച്ചും നവ വത്സരാശംസകൾ കൈമാറി.

തുടരും...

വടക്കേടം ഭവദാസൻ നമ്പൂതിരി.

(അടുത്തതിൽ "പുതുവത്സര ദിനം")

*"AGNI reserves the right of the articles and other informations published in this news letter and no one is authorised to copy translate or reproduce the contents there in, in part or in full, without the prior written approval of AGNI."*